**മധുരമായ കുട്ടികളേ– ബാബയാണ് നിങ്ങളുടെ അച്ഛനും ടീച്ചറും സദ്ഗുരുവും, അതിനാൽ ജീവിച്ചിരിക്കെ ബാബയുടേതായി മാറി മാലയിൽ കോർക്കപ്പെടണം.**

**ചോദ്യം:–** നിങ്ങൾ കുട്ടികൾ ഏതൊരു നിശ്ചയത്തിന്റെ ആധാരത്തിലാണ് പക്കയായ ബ്രാഹ്മണനാകുന്നത്?

**ഉത്തരം:–** നിങ്ങൾക്ക് ആദ്യം ഉണ്ടായ നിശ്ചയമാണ് ഈ കണ്ണുകളിലൂടെ ദേഹസഹിതം എന്തെല്ലാം കാണുന്നുണ്ടോ – ഇതെല്ലാം പഴയതാണ്. ഈ ലോകം വളരെ മോശമാണ്, ഇത് നമ്മുക്ക് ജീവിക്കാൻ യോഗ്യമായ സ്ഥലമല്ല. നമുക്ക് ബാബയിലൂടെ പുതിയ ലോകത്തിന്റെ സമ്പത്താണ് ലഭിക്കുന്നത്, ഈ നിശ്ചയത്തിന്റെ ആധാരത്തിലൂടെ നിങ്ങൾ ജീവിച്ചിരിക്കെ ഈ പഴയ ലോകം അതോടൊപ്പം പഴയ ശരീരത്തിൽ നിന്നും മരിച്ച് ബാബയുടേതായി മാറി. ബാബയിലൂടെ വിശ്വത്തിന്റെ ചക്രവർത്തി പദവിയാണ് ലഭിക്കുന്നത് എന്ന നിശ്ചയവും നിങ്ങൾക്ക് ഉണ്ട്.

**ഗീതം:–** മരിക്കുന്നതും അങ്ങയുടെ മടിയിൽ.....

**ഓം ശാന്തി.** കുട്ടികൾ ഗീതം പാടുകയാണ്, ആരാണോ കല്ലുബുദ്ധികളായിരുന്നത് അവർ ഇപ്പോൾ പവിഴ ബുദ്ധികളാകുന്നതിന് ഈ പാട്ട് പാടുകയാണ്. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരീയ ബുദ്ധി ലഭിച്ചു കഴിഞ്ഞു. ഈശ്വരൻ തന്റെ കുട്ടികൾക്ക് ബുദ്ധി നൽകിയിട്ടുണ്ട്. എപ്പോഴാണോ നമ്മൾ ഈശ്വരന്റേതായി മാറിയത് അപ്പോൾ മുതൽ ദേഹസഹിതം നമ്മൾ മുഴുവൻ ലോകത്തേയും മറക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇത് ജീവിക്കാൻ യോഗ്യതയുള്ള ലോകമല്ല. ഈ ലോകം വളരെ മോശമാണ്, ഇതിൽ വളരെ തട്ടലും മുട്ടലും, വളരെ ബുദ്ധിമുട്ടുള്ള പണികളുമാണ് ഉള്ളത്. ഒരു സുഖവുമില്ല, അതിനാൽ ഞങ്ങൾ അങ്ങയുടെ കഴുത്തിലെ മാലയിൽ കോർക്കപ്പെടുകയാണ്. സ്വയത്തെ ആത്മാവാണ് എന്ന നിശ്ചയം ചെയ്ത് അങ്ങയുടേതു മാത്രമായി മാറുകയാണ്. അതിനാൽ പഴയ ലോകം, പഴയ ശരീരത്തിൽ നിന്നും മനസ്സിനെ മാറ്റി കൊണ്ടിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ അങ്ങയിൽ നിന്നും പുതിയ ലോകം കിട്ടുമെന്ന് ഞങ്ങൾക്ക് അറിയാം. ഏതുവരെ ഈ നിശ്ചയം ഇല്ലാതിരിക്കുന്നോ അതുവരെ അവരെ ബ്രാഹ്മണൻ എന്ന് പറയില്ല. ജീവിച്ചിരിക്കെ ബാബയുടേതായി മാറണം. പിതാവെന്ന് നിരാകാരനായ ബാബയെ തന്നെയാണ് പറയുന്നത്. അങ്ങ് ഞങ്ങളുടെ പിതാവുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. അങ്ങാണ് ഞങ്ങൾക്ക് പ്രത്യക്ഷ ഫലം നൽകുന്നത്. അച്ഛന്റെ രൂപത്തിൽ വിശ്വത്തിന്റെ ചക്രവർത്തി പദവിയുടെ സമ്പത്ത് നൽകുന്നു. ടീച്ചറിന്റെ രൂപത്തിൽ മുഴുവൻ ബ്രഹ്മാണ്ഢത്തിന്റേയും അതോടൊപ്പം ലോകത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെയും ജ്ഞാനം നൽകുകയാണ്. സദ്ഗുരുവിന്റെ രൂപത്തിൽ ഞങ്ങളെ മുക്തിധാമത്തിലേക്ക് കൂടെ കൂട്ടി കൊണ്ടു പോകും, പിന്നെ ജീവന്മുക്തിയിലേക്ക് അയക്കും. പറയുന്നുണ്ട് ബാബ ഞങ്ങൾ അങ്ങയുടെ കൂടെയേ പോവുകയുള്ളൂ. അങ്ങ് തന്നെയാണ് ഞങ്ങളുടെ സത്യമായ സദ്ഗുരു. സാധാരണ ഗുരുക്കന്മാരൊന്നും നിങ്ങളെ കൂടെ കൂട്ടി കൊണ്ടു പോകാറില്ല. അവർക്ക് മുക്തി ജീവന്മുക്തിയിലേക്കുള്ള വഴിയെ കുറിച്ച് ഒന്നും തന്നെ അറിയില്ല. ആ മനുഷ്യർ അങ്ങയെ തന്നെ സർവ്വവ്യാപി എന്ന് പറയുകയാണെങ്കിൽ സമ്പത്ത് ആരാണ് നൽകുക. ആരെയാണ് ഗോഡ് ഫാദർ എന്ന് പറയുക. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ നിരാകാരനായ ശിവബാബയുടേതായി. ഇപ്പോൾ നമ്മുടെ ദേഹാഭിമാനം മുറിഞ്ഞിരിക്കുകയാണ്. ഞങ്ങൾ അങ്ങയുടെ നിർദേശത്തിലൂടെ നടക്കുകയാണ്. അങ്ങ് തന്നെയാണ് പറഞ്ഞത് ദേഹത്തിന്റെ സംബന്ധങ്ങളിൽ നിന്നും ബുദ്ധി മാറ്റി, സ്വയം ആത്മാവാണെന്ന നിശ്ചയം ചെയ്ത് എന്നെ ഓർമ്മിക്കൂ. എപ്പോഴാണോ ആത്മാവ് ശരീരത്തിൽ നിന്നും വേറിടുന്നത് അതോടെ ലോകം അവരിൽ നിന്നും മരിക്കുകയാണ്. പിന്നെ ഒരു സംബന്ധവും നിലനിൽക്കുന്നില്ല. ഏതുവരെ ആത്മാവ് അമ്മയുടെ ഗർഭത്തിലേക്ക് പ്രവേശിക്കുന്നില്ലയോ അതുവരേക്കും നിങ്ങൾക്ക് ഈ ലോകവുമായി ഒരു ബന്ധവും ഉണ്ടാകുന്നില്ല. ലോകത്തിൽ നിന്നും നിങ്ങൾ വേറിട്ടിരിക്കും. ഇപ്പോൾ ബാബ പറയുകയാണ് കുട്ടികളേ നിങ്ങൾ ജീവിച്ചിരിക്കെ എല്ലാം മറന്ന് എന്റേതാകണം. ഞാൻ നിങ്ങളെ കൂടെ കൂട്ടി കൊണ്ടു പോകാം. ഈ ലോകം ഇല്ലാതാകാൻ പോവുകയാണ്. ദേവതകൾ ഒരിക്കലും പതിതമായ ലോകത്തിലേക്ക് വരില്ല. ലക്ഷ്മി ദേവിയെ ആഹ്വാനം ചെയ്യുന്നുണ്ട്, വീടെല്ലാം വളരെ ശുദ്ധമാക്കാറുണ്ട്, പക്ഷെ ലക്ഷ്മി ദേവി വരാൻ ഇത് സത്യയുഗമല്ലല്ലോ. പിന്നെ നാരായണൻ എവിടെ നിന്ന് വരും? എന്തിനാണ് ലക്ഷ്മി ദേവിക്ക് നാല് കൈകൾ കാണിക്കുന്നത്? ഇത് രണ്ടുപേരും കൂടിയുള്ള ചിത്രമാണെന്ന് ആരും അറിയുന്നില്ല. ഒരാൾക്ക് 4 കൈകളുള്ള ചിത്രമൊന്നും ഉണ്ടാക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ രണ്ടു മുഖമുള്ളതായും കാണിക്കണമല്ലോ. 4 കാലുകളുള്ളതായി കാണിക്കാറില്ല എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ള

മനുഷ്യർ ഒരിക്കലും ഉണ്ടാകില്ല. ലക്ഷ്മി നാരായണൻ യുഗൾ ആണെന്ന് മനസ്സിലാക്കി തരുന്നതിനാണ് ഈ ചിത്രമെല്ലാം ഉണ്ടാക്കിയത്. വേറെ വേറെ ആയി കാണിച്ചിരുന്നെങ്കിൽ രണ്ട് കൈകളും രണ്ട് കാലുകളുമായിരിക്കും കാണിച്ചിരിക്കുക. ബബ പറയുന്നു ആദ്യമാദ്യം ഈ നിശ്ചയം ഉണ്ടാക്കണം നമ്മുടെ അച്ഛനും ടീച്ചറും ഗുരുവും ഒരു ബാബയാണ്, അല്ലാതെ അവസാനം ജ്ഞാനം കൊടുക്കാനും കൂടെ കൂട്ടി കൊണ്ടു പോകാനും വേറെ ഗുരുവൊന്നും ഇല്ല. ബാബ ഇപ്പോൾ നമ്മളെല്ലാവരേയും കൂടെ കൂട്ടി കൊണ്ടു പോകും. ബാബ മനസ്സിലാക്കി തരുകയാണ് ഇപ്പോൾ തിരിച്ച് പോകണം എന്തുകൊണ്ടെന്നാൽ നാടകം പൂർത്തിയാവുകയാണ്. ബാബ പറയുകയാണ് സർവ്വരുടേയും സദ്ഗതി ദാതാവ് പതിത പാവനൻ ഒരു ബാബയാണ്. കാലൻമാരുടെ കാലനാണ്. നരകത്തിന്റെ സാക്ഷാത്കാരമെല്ലാം കാണാറുണ്ട് എന്തുകൊണ്ടെന്നാൽ പാപം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷയും അനുഭവിക്കേണ്ടി വരും. ബാക്കി നരകമൊന്നും ഇല്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ഗർഭത്തിൽ വെച്ച് ശിക്ഷ അനുഭവിക്കുമ്പോൾ അയ്യോ അയ്യോ എന്ന് നിലവിളിക്കുന്നുണ്ട്. ആദ്യമാദ്യം നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ടാകണം ബാബ നമ്മുടെ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ് അതിനാൽ നിങ്ങൾക്ക് ബാബയെ വേണം ഓർമ്മിക്കാനും. രചയിതാവും ഒരു ബാബയാണല്ലോ. പത്തോ നൂറോ രചയിതാവൊന്നും ഇല്ല, പത്ത് ലോകങ്ങളുമില്ല.

കുട്ടികൾ പറയുകയാണ് ഞങ്ങൾ അങ്ങയുടെ കഴുത്തിലെ മാലയാകും. പിന്നെ ഞങ്ങളുടെ രുദ്ര മാലയും ഉണ്ടാക്കപ്പെടും. ഈ സമയത്ത് നിങ്ങൾ ബ്രാഹ്മണർ പുരുഷാർത്ഥികളാണ്. നിങ്ങളുടെ മാല ഉണ്ടാക്കാൻ കഴിയുകയില്ല എന്തുകൊണ്ടെന്നാൽ നിങ്ങൾ താഴേക്ക് വരുകയും പിന്നീട് മുകളിലേക്ക് ഉയരുകയും ചെയ്യുന്നുണ്ട്. നിങ്ങൾക്കറിയാം നമ്മൾ ബാബയുടെ മാലയായി പിന്നെ വിഷ്ണുവിന്റെ മാലയാകും. ആദ്യമാദ്യം നിങ്ങളുടെ നിരാകാരി മാല പരംധാമത്തിലേക്ക് വരും പിന്നെ സാകാരി മാലയായി വിഷ്ണുവിന്റെ ലോകത്തിലേക്ക് വരും. മനുഷ്യർക്ക് ഈ കാര്യങ്ങളൊന്നും അറിയില്ല. കുട്ടികൾ പറയുകയാണ് ഞങ്ങൾ ജീവിച്ചിരിക്കെ ബാബയുടേതായി മാറിയിരിക്കുകയാണ്. സാധാരണ സാകാരത്തിലെ മനുഷ്യർ സാകാരി മനുഷ്യരെ തന്നെ ദത്തെടുക്കാറുണ്ടല്ലോ. ഇവിടെ നിരാകാരി ആത്മാക്കളായ നിങ്ങളെ നിരാകാരനായ ശിവബാബ ദത്തെടുത്തിരിക്കുകയാണ്. ബ്രഹ്മാവിലൂടെ പറയുകയാണ് അല്ലയോ ആത്മാക്കളേ നിങ്ങൾ എന്റെയാണ്. അല്ലയോ സാകാരികളേ നിങ്ങൾ എന്റെയാണ് എന്നല്ല പറയുന്നത്. ഇവിടെ നിരാകാരിയായ ആത്മാവ് നിരാകാരനായ ബാബയോടാണ് പറയുന്നത് ഞാൻ അങ്ങയുടേതാണ്. ബാക്കി ദത്തെടുക്കുന്നവർ ശരീരത്തെയാണ് നോക്കുന്നത്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കുന്നില്ല. സഹോദരൻ സഹോദരനെ ദത്തെടുക്കുന്നതിലൂടെ എന്തു കിട്ടാനാണ്? ഇവിടെ ബാബ തന്റെ സമ്പത്ത് നൽകുന്നതിനു വേണ്ടി ദത്തെടുത്തിരിക്കുകയാണ്. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്, ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവരുടെ ബുദ്ധിയിൽ ഇതെല്ലാം ഇരിക്കും. നിരാകാരനായ ബാബ പറയുകയാണ് – ദേഹമാണ് എന്ന അഭിമാനത്തെ ഉപേക്ഷിച്ച് എന്റേതായി മാറൂ എങ്കിൽ ഞാൻ നിങ്ങളെ നിരാകാരി ലോകത്തിലേക്ക് കൂട്ടി കൊണ്ടു പോകും. കൃഷ്ണന്റെ ആത്മാവിനെ പരമാത്മാവ് എന്ന് പറയില്ല. കൃഷ്ണന്റെ ആത്മാവും പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. ലക്ഷ്മി നാരായണന്റെ രാജധാനി നടന്നിരുന്നു. രാജാവ് രാജാവാണ്, രാജ്ഞി രാജ്ഞിയായിരിക്കും. എല്ലാവർക്കും ഭിന്ന ഭിന്ന പാർട്ട് കിട്ടിയിട്ടുണ്ട്. 84 ജന്മങ്ങളാണ് എടുക്കുന്നത്. ഒരാളുടെ കാര്യമല്ല. എല്ലാവർക്കും പുനർജന്മം എടുക്കണം. നിങ്ങൾ കുട്ടികൾ മനസ്സിലാക്കി കൊടുക്കണം – 84 ജന്മങ്ങളുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. 84 ലക്ഷം ജന്മങ്ങൾ എന്ന് പറയുന്നതിലൂടെ എല്ലാം മോശമാകും. ലക്ഷകണക്കിനു വർഷത്തിന്റെ കാര്യങ്ങൾ ഓർമ്മയിൽ വെക്കാൻ പോലും കഴിയില്ല. ഇപ്പോൾ ഓർമ്മയിലുണ്ട്. ഇന്നുള്ളത് ഭ്രഷ്ടാചാരി ലോകമാണ്, നാളെ ഇത് ശ്രേഷ്ഠാചാരി ലോകമാകും. നമുക്ക് എഴുതാൻ സാധിക്കും ഏതുപോലെയാണോ ശാസ്ത്രി എഴുതിയത് നമ്മൾ പുതിയ ഇന്ത്യ നിർമ്മിക്കുക തന്നെ ചെയ്യും എന്ന്. ഇപ്പോൾ പുതിയ ലോകത്തിൽ പുതിയ ഇന്ത്യ വരാൻ പോവുകയാണ്. അവിടെ ദേവതാ ധർമ്മമല്ലാതെ വേറെ ഒരു ധർമ്മവും ഉണ്ടാകില്ല. ഇപ്പോഴാണെങ്കിൽ ഭാരതത്തിൽ ധാരാളം ധർമ്മങ്ങളാണ് ഉള്ളത്. അനേക പ്രകാരത്തിലുള്ള ശാഖകളാണ് ഉള്ളത്, ഇതെല്ലാം അവസാനം വന്നതാണ്. ഇതും നിങ്ങൾ കണ്ടല്ലോ എങ്ങനെയാണ് ലക്ഷ്മി നാരായണൻ ഇപ്പോൾ ബ്രഹ്മാ സരസ്വതി ആയി തീർന്നത്. പിന്നീട് ബ്രഹ്മാവും സരസ്വതിയും വീണ്ടും ലക്ഷ്മിയും നാരായണനുമാകും അതിനാലാണ് കാണിക്കുന്നത് വിഷ്ണുവിൽ നിന്നും ബ്രഹ്മാവ് വന്നത്, ബ്രഹ്മാവിൽ നിന്നും വീണ്ടും വിഷ്ണു വരും. നിങ്ങൾ ഇപ്പോൾ വിഷ്ണു കുലത്തിലേതായി മാറുകയാണ്. തീർച്ചയായും ഇപ്പോൾ ഈ നാടകം പൂർത്തിയാകാൻ പോവുകയാണ് എന്ന് ആരാണോ നല്ല രീതിയിൽ മനസ്സിലാക്കിയത് അവരുടെ സന്തോഷം വളരെയധികം വർദ്ധിക്കും. നാടകം എന്നു കേൾക്കുമ്പോൾ തന്നെ ആദി മദ്ധ്യ അന്ത്യം എല്ലാം ഓർമ്മ വരാറുണ്ട്. ആരാണോ നിങ്ങളിൽ വിവേകശാലികളും ഒന്നാനമ്മയുടെ കുട്ടികളുമായിരിക്കുന്നത് അവർക്ക് പരിധിയില്ലാത്ത ഡ്രാമയുടെ ഓർമ്മ ഉണ്ടാകും. ആദ്യം സൂര്യവംശി, ചന്ദ്രവംശി രാജ്യം ഉണ്ടായിരുന്നു പിന്നെയാണ് മറ്റുള്ളവരെല്ലാം വന്നത്. വൈശ്യ വംശി, ശൂദ്ര വംശികളായി മാറി. നമ്മൾ ആത്മാക്കൾ ഇങ്ങ

നെയാണ് 84 ജന്മങ്ങൾ എടുത്തത്. ഇതും വളരെ പേർക്ക് ഓർമ്മയിൽ നിൽക്കുന്നില്ല. ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഉണ്ടായിരിക്കണം. ഇത് 5000 വർഷത്തിന്റെ നാടകമാണ്, ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം. ആത്മാവ് എത്ര ചെറുതാണ്. 84 ജന്മങ്ങളുടെ പാർട്ടാണ് അഭിനയിക്കുന്നത്. പരമാത്മാവും എത്ര ചെറുതാണ്. ബാബയും പാർട്ട് അഭിയിക്കുന്നതിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഡ്രാമയിൽ വശപ്പെട്ടിരിക്കുന്നു. സംഗമമായാൽ ബാബക്ക് പാർട്ട് അഭിനയിക്കാനുള്ള സമയം തുടങ്ങും. ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് ഒരു പുതിയ സൃഷ്ടി രചിക്കണം എന്ന സങ്കല്പം ഭഗവാന് ഉണർന്നു, പക്ഷെ എഴുതിയ രീതിയുടെ കാരണത്താൽ ആർക്കും ഒന്നും മനസ്സിലായില്ല. ഇതെല്ലാം കഴിഞ്ഞു പോയ കാര്യങ്ങളാണ്. നിങ്ങൾ പ്രാക്ടിക്കലായി പാർട്ട് അഭിനയിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മുടെ അച്ഛനും ടീച്ചറും അധ്യാപകനും ഒരു ബാബ തന്നെയാണ്. ലൗകിക അച്ഛനെ ഇങ്ങനെ പറയാറില്ല. ഗുരുവിനെ ഗുരു എന്നാണല്ലോ പറയുക. ഇവിടെയാണെങ്കിൽ മൂന്നും ഒരാളാണ്. ഇത് മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്. ജ്ഞാന സാഗരൻ എന്ന് ഗോഡ് ഫാദറിനെ തന്നെയാണ് പറയുന്നത്. ബാബയിൽ മുഴുവൻ വൃക്ഷത്തിന്റേയും ജ്ഞാനമുണ്ട് എന്തുകൊണ്ടെന്നാൽ ചൈതന്യമാണ്. ബാബ വന്ന് മുഴുവൻ ജ്ഞാനവും നൽകുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ഈ ദേഹത്തെ ഉപേക്ഷിച്ച് ബാബയുടെ കൂടെ പോകും. എപ്പോഴാണോ നിങ്ങൾ കർമ്മാതീതമാകുന്നത് അപ്പോൾ നിങ്ങളിൽ ഒരു ഭൂതവും ഉണ്ടായിരിക്കുകയില്ല. ദേഹാഭിമാനമാണ് നമ്പർവൺ ഭൂതം. ഈ ഭൂതങ്ങളിൽ വെച്ച് ഏറ്റവും വലുത് രാവണനാണ്. ഭാരതത്തിലാണ് രാവണനെ കത്തിക്കാറുള്ളത്, പക്ഷെ രാവണൻ എന്താണ്, ഇതൊന്നും ആർക്കും അറിയില്ല. ഈ ദസറ, രക്ഷാബന്ധനം, ദീപാവലി എപ്പോൾ മുതൽ ആഘോഷിച്ചു വരുകയാണ്, ഇതൊന്നും അറിയുന്നില്ല. അവസാനം ഈ രാവണൻ ഇല്ലാതാകുമോ അതോ ഇത് പോലെ തന്നെ മുന്നോട്ട് പോകുമോ, ഇത് ഒന്നും അറിയുന്നില്ല. രാവണനെ കത്തിക്കുന്നുണ്ട് പിന്നെയും എഴുന്നേൽക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ രാവണന്റെ രാജ്യമാണ്. സത്യയുഗത്തിൽ രാവണൻ ഉണ്ടാകില്ല. അവിടെ യോഗബലത്തിലൂടെയാണ് കുട്ടികൾ ജനിക്കുന്നത്, ഏതുപോലെയാണോ യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നത് എങ്കിൽ എന്തുകൊണ്ട് യോഗത്തിലൂടെ കുട്ടികൾ ജനിച്ചുകൂടാ. അവിടെ രാവണൻ ഇല്ലെങ്കിൽ വികാരത്തിന്റെ കാര്യമില്ല അതിനാലാണ് കൃഷ്ണനെ യോഗേശ്വരൻ എന്ന് പറഞ്ഞത്. അവർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. യോഗി ഒരിക്കലും വികാരത്തിലേക്ക് പോവില്ല. അഥവാ ഭോഗി ആണെങ്കിൽ യോഗം ഫലിക്കില്ല. ഇപ്പോൾ നിങ്ങൾ യോഗം അഭ്യസിക്കുകയാണ്. ഭോഗി ആകുന്നതിലൂടെ അഥവാ വികാരത്തിലേക്ക് പോകുന്നതിലൂടെ യോഗം കിട്ടില്ല. നിങ്ങൾ കുട്ടികൾക്ക് അച്ഛൻ, ടീച്ചർ, സദ്ഗുരുവിൽ നിന്നും ഒരു മിച്ചുള്ള സമ്പത്താണ് ലഭിക്കുന്നത്. സദ്ഗുരു സർവ്വരേയും കൂടെ കൂട്ടി കൊണ്ടു പോകും, എല്ലാവരേയും കൊണ്ടു പോകും പക്ഷെ നിങ്ങളാണ് ബാബയുടെ കഴുത്തിലെ മാലയായി മാറുന്നത്. പ്രിയതമൻ തന്റെ പ്രിയതമകളെ കൂടെ കൂട്ടി കൊണ്ടു പോകും. ആദ്യം പ്രിയതമൻ പോകും പിന്നെ സൂര്യവംശി, ചന്ദ്രവംശി പിന്നെ അവരുടെ മുഴുവൻ വംശവും, ഇസ്ലാമികളുടെ വംശവും, ബൗദ്ധികളുടെ വംശം എല്ലാ ആത്മാക്കൾക്കും തന്റെ തന്റെ സെക്ഷനിൽ പോയി ഇരിക്കണം. ആത്മാവ് നക്ഷത്രമാണ്. ഇത് വളരെയധികം മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്. ഭാഗ്യശാലി ആണെങ്കിൽ ഇതെല്ലാം ധാരണ ചെയ്ത് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കും. അവർ പിന്നീട് മഹിമയും എഴുതുന്നുണ്ട്. അവർ മനസ്സിലാക്കി തന്നപ്പോൾ ഞങ്ങളുടെ ബുദ്ധി തുറന്നു, ഇവർ ഞങ്ങൾക്ക് ജീവൻ നൽകി, പിന്നെ അവരോട് പ്രീതി വരും. അവരെ തന്നെ ഓർമ്മിച്ചു കൊണ്ടിരിക്കും, പിന്നെ അവരിൽ നിന്നും മുക്തമാക്കും. ദല്ലാളിനെ ഓർമ്മിക്കേണ്ട കാര്യമില്ല. ദല്ലാൾ തന്റെ കർത്തവ്യം നിറവേറ്റി അത്രയേ ഉള്ളൂ. പിന്നെ പ്രിയതമന് പ്രിയതമയുടെ ഓർമ്മയും വരും. ബ്രഹ്മാവും ദല്ലാളാണല്ലോ. നിങ്ങൾ ശിവബാബയെ വേണം ഓർമ്മിക്കാൻ. ഈ ദല്ലാളും ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്, അതിനാൽ ദല്ലാളിന് മഹിമ ഒന്നുമില്ല. ഇത് പതിതമാണ്. ആദ്യം ഈ ശരീരത്തിലേക്ക് പ്രവേശിച്ച് പാവനമാക്കി മാറ്റുകയാണ്. ഒരാൾ പതിതവും ഒരാൾ പാവനവുമാണ്. സൂക്ഷ്മ വതനത്തിൽ പാവനമായ ബ്രഹ്മാവാണ് ഉള്ളത്. ആ മുഖവും കാണിച്ചു കൊടുക്കണം. വീണ്ടും വീണ്ടും മനസ്സിലാക്കി തരുന്നുണ്ട്, എപ്പോൾ വരേക്കും ബാബയുടേതായി മാറുന്നില്ലയോ അതു വരെ ബാബ ഇത് തുടരും. ബാബ ഞങ്ങൾ അങ്ങയുടേതായി മാറിയിരിക്കുന്നു. അങ്ങ് ഞങ്ങൾക്ക് അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. ബാബ പറയും ഞാനും നിങ്ങളെ സ്വീകരിക്കുകയാണ്, പക്ഷെ ഓർമ്മയിൽ സൂക്ഷിച്ചോളളൂ ഒരിക്കലും ബാബയുടെ പേരിനെ കളങ്കപ്പെടുത്തരുത്. എന്റേതായി പിന്നെ വികാരത്തിലേക്ക് പോവരുത്. വാസ്തവത്തിൽ ഈ സമയത്ത് എല്ലവാരും നരകവാസികളാണ്. സ്വർഗ്ഗത്തെ ഓർമ്മിച്ചു കൊണ്ടിരിക്കുന്നുണ്ട്. പറയുന്നുണ്ട് അവർ സ്വർഗ്ഗവാസി ആയി എന്നെല്ലാം. അതേ സ്വർഗ്ഗം എവിടെയാണ്? അഥവാ സ്വർഗ്ഗത്തത്തിലേക്ക് പോയിട്ടുണ്ടെങ്കിൽ പിന്നെ ഇവിടേക്ക് വിളിച്ച് എന്തിനാണ് കഴിപ്പിക്കുന്നത്? പതിത ലോകത്തിൽ പതിതരായ ബ്രാഹ്മണരെയാണ് കഴിപ്പിക്കുന്നത്. പാവനമായി ആരുമില്ല. പക്ഷെ ഈ ചെറിയ കാര്യത്തെ പോലും ആരും അറിയുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനം നൽകുന്ന ദല്ലാളിനോട് പ്രീതി വെക്കാതെ ഒരു ശിവബാബയെ ഓർമ്മിക്കണം. ബാബയാണ് ജീവദാനം നൽകുന്നത്.

2) ഈ പരിധിയില്ലാത്ത നാടകത്തെ ബുദ്ധിയിൽ വെച്ച് അളവില്ലാത്ത സന്തോഷത്തിൽ കഴിയണം. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് അശരീരി ആകുന്നതിന് അഭ്യാസം ചെയ്യണം.

## വരദാനം:- തന്റെ നിറഞ്ഞ സ്റ്റോക്കിലൂടെ സന്തോഷങ്ങളുടെ ഖജനാവ് വിതരണം ചെയ്യുന്ന ഹീറോ ഹീറോയിൻ പാർട്ട്ധാരിയായി ഭവിക്കൂ

സംഗമയുഗീ ബ്രാഹ്മണ ആത്മാക്കളുടെ കർത്തവ്യമാണ് സദാ സന്തോഷമായി കഴിയുക സന്തോഷം വിതരണം ചെയ്യുക എന്നാൽ ഇതിന് വേണ്ടി ഖജനാവ് നിറഞ്ഞിരിക്കണം. ഇപ്പോൾ ഏതുപോലെയാണോ സമയം കുറഞ്ഞ് സമീപത്തേക്ക് വന്നുകൊണ്ടിരിക്കുന്നത് അതുപോലെ അനേകം ആത്മാക്കളും താങ്കളിൽ നിന്ന് അൽപ സമയത്തെ സന്തോഷം ചോദിച്ചുകൊണ്ട് വരും. അതുകൊണ്ട് ഇത്രയും സേവനം ചെയ്യണം വരുന്ന ആരും കാലിയായ കൈകളോടെ മടങ്ങരുത്. ഇതിന് വേണ്ടി മുഖത്ത് സദാ സന്തോഷത്തിന്റെ ചിഹ്നമുണ്ടായിരിക്കണം, ഒരിക്കലും മൂഡ് ഓഫായ മുഖം, മായയോട് തോറ്റ മുഖം, നിരാശമായ മുഖം ആയിരിക്കരുത്. സദാ സന്തോഷമായിരിക്കൂ സന്തോഷം വിതരണം ചെയ്തുകൊണ്ടേ പോകൂ - അപ്പോൾ പറയും ഹീറോ ഹീറോയിൻ പാർട്ട്ധാരി.

## സ്ലോഗൻ:- പരസ്പരമുള്ള അഭിപ്രായത്തിന് ബഹുമാനം നൽകുന്നത് തന്നെയാണ് സംഘടനയെ ഒരു ചരടിൽ കോർക്കുന്നത്.